കേരള കാർഷിക സർവകലാശാല

കാർഷിക കോളേജ് , വെള്ളായണി

"സേഫ് റ്റു ഈറ്റ് - പദ്ധതി"

ജനുവരി 2019 മുതൽ ജൂൺ 2019 വരെയുള്ള കീടനാശിനി അവശിഷ്ട വിഷാംശ പരിശോധനാ റിപ്പോർട്ട് - 46

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ ധനസഹായത്തോടെ കേരള കാർഷിക സർവകലാശാലയിൽ നടന്നുവരുന്ന "സേഫ് റ്റു ഈറ്റ്" പദ്ധതിയുടെ 46 - ാമത്തെ റിപ്പോർട്ടാണിത്. കീടനാശിനി പരിശോധനാ രംഗത്ത് ISO എന്ന NABL അക്രഡിറ്റേഷനുള്ള വെള്ളായണി കാർഷിക കോളേജിൽ സ്ഥിതി ചെയ്യുന്ന കീടനാശിനി അവശിഷ്ട പരിശോധന ലാബറട്ടറിയിലാണ് പഠനങ്ങൾ നടന്ന് വന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ആധുനിക സംവിധാനങ്ങളിലേറെയും സജ്ജീകരിച്ചിട്ടുണ്ട്. വിദേശനിർമിതവും, അതിനൂതനവും, അത്യധികം കാര്യക്ഷമവും, കീടനാശിനിയുടെ നൂറു കോടിയിൽ ഒരു അംശം പോലും കണ്ടെത്താൻ കഴിവുള്ളതും ആയ ഗ്യാസ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ, ലിക്വിഡ് ക്രൊമറ്റോഗ്രാഫ് മാസ്സ് സ്പെക്ട്രോമീറ്റർ തുടങ്ങിയ ഉപകരണങ്ങളുടെ സഹായത്തോടെയാണ് കീടനാശിനി പരിശോധന നടത്തുന്നത്.

മലയാളി കഴിക്കുന്ന പച്ചക്കറികളിലും പഴവർഗ്ഗങ്ങളിലും അടങ്ങിയിരിക്കുന്ന കീടനാശിനി അവശിഷ്ട വിഷാംശം എത്രയാണെന്ന് പരിശോധിച്ച് അതിന്റെ വിവരം സർക്കാർ വെബ് സൈറ്റായ **"www.kerala.gov.in"**ൽ പരസ്യപ്പെടുത്തുകയാണ് ചെയ്യുന്നത്. ഈ പദ്ധിതിയുടെ കീഴിൽ 45 റിപ്പോർട്ടുകൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്.പ്രധാനമായും പച്ചക്കറികളും പഴവർഗ്ഗങ്ങളുമാണ് പഠനവിധേയമാക്കുന്നത്. പഠനത്തിന് ആവശ്യമായ സാമ്പിളുകൾ 4 ശ്രോതസ്സുകളിൽ നിന്നാണ് ശേഖരിക്കുന്നത്.

1. **പൊതുവിപണിയിൽ നിന്ന് ശേഖരിക്കുന്നവ**- പൊതുജനങ്ങൾ പച്ചക്കറികളും, പഴവർഗ്ഗങ്ങളും വാങ്ങുന്ന പൊതുവിപണി/ ചന്തകൾ തുടങ്ങിയവ.
2. **കൃഷിയിടങ്ങളിൽ നിന്നും നേരിട്ട് ശേഖരിക്കുന്നവ**- കർഷകർ വിളവെടുക്കുന്ന സമയം കൃഷി സ്ഥലത്ത് നേരിട്ട് ചെന്ന് സാമ്പിളുകൾ ശേഖരിക്കുന്നു. കീടനാശിനി അവശിഷ്ട പരിശോധനയ്ക്കായിട്ടാണ് സാമ്പിളുകൾ ശേഖരിക്കുന്നത് എന്ന അറിവോടെയാണ് കർഷകർ സാമ്പിളുകൾ നൽകുന്നത്.
3. **"ജൈവം" എന്ന ലേബലിൽ വിൽക്കുന്നവ**: "ജൈവം" എന്ന ലേബലിൽ പച്ചക്കറികളും പഴവർഗ്ഗങ്ങളും വിൽക്കുന്ന സ്ഥാപനങ്ങളിൽ നിന്നും സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി പരിശോധനയ്ക്ക് വിധേയമാക്കുന്നു.

4. **''ഇക്കോ ഷോപ്പ്''വഴി വിൽക്കുന്നവ**: കൃഷി വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ''ഇക്കോ ഷോപ്പുകളിൽ'' നിന്നും പച്ചക്കറികളും, പഴവർഗ്ഗങ്ങളും ശേഖരിച്ച് കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കുന്നു. ചില ''ഇക്കോ ഷോപ്പുകളിൽ'' നിന്നും കൃഷി ഉദ്യോഗസ്ഥർ തന്നെ സാമ്പിളുകൾ ശേഖരിച്ച് പരിശോധയ്ക്കായി നൽകുന്നു.

2006-ലെ ഭക്ഷ്യസുരക്ഷിതത്വ നിയമം അനുസരിച്ച് പരമാവധി അവശിഷ്ട വിഷാംശ പരിധി ഒരോ കീടനാശിനിയ്ക്കും ഒരോ വിളകളിലും നിശ്ചയിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഭക്ഷ്യവസ്തുക്കളിൽ അവശിഷ്ട വിഷാംശം ഈപരിധിയ്ക്ക് മുകളിലായാൽ ആരോഗ്യപ്രശ്നങ്ങൾ ഉണ്ടാകാനുള്ള സാധ്യത കൂടുതലാണ്. കണ്ടെത്തിയ ഒരോ കീടനാശിനിയും അതാതുവിളകളിൽ അനുവദനീയ പരിധിക്ക് മുകളിൽ ആണോ അല്ലയോ എന്നത് ഈ റിപ്പോർട്ടിൽ വിശദമായി രേഖപ്പെടുത്തിയിരിക്കുന്നു.

റിപ്പോർട്ടിലെ കണ്ടെത്തലുകളിൽ മേലുള്ള അവലോകനം

ജനുവരി 2019 മുതൽ ജൂൺ 2019 വരെ പരിശോധന നടത്തിയ 729 ഭക്ഷ്യവസ്തുക്കളിൽ 128 ൽ മാത്രമെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയുള്ളു (17.55%). 17.37% പച്ചക്കറികളിലും, 19.44% പഴവർഗ്ഗങ്ങളിലും, 50.00% സുഗന്ധവ്യഞ്ജനങ്ങളിലുമാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത്. എന്നാൽ പൊതുവിപണിയിൽ നിന്നും ശേഖരിച്ച മറ്റ് ഭക്ഷ്യവസ്തുക്കളായ ഉലുവ, ഗോതമ്പ്, അരി എന്നിവയിൽ യാതൊരു കീടനാശിനിയും കണ്ടെത്തിയിട്ടില്ല.

I. പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

1. **പച്ചക്കറികൾ**:

പൊതുവിപണിയിൽ നിന്നും ശേഖരിച്ച 20.12% പച്ചക്കറികളിലും 28% പഴവർഗ്ഗങ്ങളിലും 66.6% സുഗന്ധവ്യഞ്ജനങ്ങളിലും കീടനാശിനി അവശിഷ്ടം കണ്ടെത്തുകയുണ്ടായി. ഒരോ പച്ചക്കറിയിലും സാധാരണ കണ്ടു വരുന്ന രോഗകീടങ്ങൾക്ക് പ്രതിവിധിയായി ശുപാർശ ചെയ്തിരിക്കുന്ന കീടനാശിനികളുടെ ഉപയോഗക്രമവും പരമാവധി അവശിഷ്ട പരിധിയും നിഷ്കർഷിക്കപ്പെട്ടിട്ടുണ്ട്. പൊതുവിപണിയിൽ നിന്നു ശേഖരിച്ച 333 സാമ്പിളുകളിൽ 67 എണ്ണത്തിലാണ് (21 ഇനം പച്ചക്കറികൾ) അവശിഷ്ടം കണ്ടെത്തിയിട്ടുള്ളത്. ഇതിൽ കേവലം ആറെണ്ണത്തിൽ മാത്രമാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ള കീടനാശിനി അവശിഷ്ടം ക െത്തിയത്. ബാക്കി അവശിഷ്ടം കണ്ടെത്തിയ തൊണ്ണൂറു ശതമാനം

"സേഫ് റ്റു ഈറ്റ് - പദ്ധതി"

കീടനാശിനികളും അതാത് പച്ചക്കറികളിൽ ശുപാർശ ചെയ്യപ്പെടാത്തതാണ് എന്നത് ആശങ്കാജനകമാണ്. അതുകൊണ്ട്തന്നെ അവശിഷ്ട പരിധി നിഷ്കർഷിക്കപ്പെട്ടിട്ടുമില്ല. അതാത് വിളകളിൽ ശുപാർശ ചെയ്യപ്പെടാത്ത കീടനാശിനിയുടെ പ്രയോഗം ഒട്ടനവധി ആരോഗ്യ പരിസ്ഥിതി പ്രശ്നങ്ങൾ സൃഷ്ടിക്കാൻ സാധ്യതയുണ്ട്.(പട്ടിക 2)

2.പഴവർഗ്ഗങ്ങൾ

കീടനാശിനി അവശിഷ്ട പരിശോധനയ്ക്ക് വിധേയമാക്കിയ 4 ഇനത്തിൽപ്പെടുന്ന 36 സാമ്പിളുകളിൽപൊതുവിപണിയിൽ നിന്നും ശേഖരിച്ച ഏഴെണ്ണത്തിൽ (28%) മാത്രമാണ് അവശിഷ്ട വിഷാംശം കണ്ടെത്തിയത്. കണ്ടെത്തിയ 13 ഇനം കീടനാശിനികളിൽ മൂന്നെണ്ണം മാത്രമെ ശുപാർശ ചെയ്തിട്ടുള്ളു, ബാക്കി കണ്ടെത്തിയ 77% കീടനാശിനികളും അതാതു പഴവർഗ്ഗത്തിൽ ശുപാർശ ചെയ്യപ്പെടാത്തതാണ്. എന്നാൽ ശുപാർശ ചെയ്ത കീടനാശിനികൾ എല്ലാം തന്നെ അനുവദനീയ പരിധിക്ക് താഴേയാണ് എന്നത് ആശ്വാസം ഏകുന്നു. എറ്റവും അധികം കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത് പച്ച മുന്തിരിയിൽ ആണ്. പച്ചമുന്തിരിയിൽ കണ്ടെത്തിയ 8 ഇനം കീടനാശിനികളിൽ കാർബൻഡാസിം ഒഴിച്ച് മറ്റൊന്നും തന്നെ മുന്തിരിയിൽ ശുപാർശ ചെയ്തിട്ടില്ല. കേരളത്തിൽ നിരോധിച്ച പ്രൊഫനോഫോസ് എന്ന കീടനാശിനിയും മുന്തിരിയിൽ കണ്ടെത്തിയിട്ടുണ്ട്.

ആപ്പിളിൽ കണ്ടെത്തിയ 3 കീടനാശിനികളും ആപ്പിൾ കൃഷിയിൽ ശുപാർശ ചെയ്യപ്പെടാത്തവയാണ്. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ചവ, ജൈവപച്ചക്കറി മാർക്കറ്റുകൾ, ഇക്കോഷോപ്പുകൾ എന്നിവിടങ്ങളിൽ നിന്നും ശേഖരിച്ച പഴവർഗ്ഗങ്ങളിൽ (മുന്തിരി, പപ്പായ, ആപ്പിൾ) ഒന്നിലും തന്നെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയില്ല എന്നത് ആശ്വാസമാകുന്നു.

3. സുഗന്ധവ്യഞ്ജനങ്ങൾ

ജീരകം, പെരുംജീരകം, എന്നിവയുടെ 3 സാമ്പിളുകളാണ് പൊതുവിപണിയിൽ നിന്നും ശേഖരിച്ചത്. ഇതിൽ ഓരോ സാമ്പിളിൽ നിന്നും എട്ടോളം ശുപാർശ ചെയ്യപ്പെടാത്ത കീടനാശിനികൾ കണ്ടെത്തിയിട്ടുണ്ട്. ക്ളോർപൈറിഫോസ്, സൈഫ്ളൂത്രിൻ, കാർബൻഡാസിം, അസറ്റാമിപ്രിഡ്, ക്ലോതയാനിഡിൻ, ഇമിഡാക്ലോപ്രിഡ്, തയാമെത്തോക്സാം, ക്യുനാൽഫോസ് എന്നിവയാണവ. ഇവയൊന്നുംതന്നെ അതാതു വിളകളിൽ ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളതല്ല.

പൊതു വിപണിയിൽ നിന്നും ശേഖരിച്ചവയിൽ കീടനാശിനി കണ്ടെത്താത്ത ഭക്ഷ്യവസ്തുക്കളുടെ പട്ടിക (പട്ടിക 3 ൽ) ചേർത്തിട്ടുണ്ട്.

II. കൃഷിയിടങ്ങളിൽ നിന്നുംനേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്

1. പച്ചക്കറികൾ:

കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച (21 ഇനം) പച്ചക്കറികളിൽ 14.39 ശതമാനത്തിൽ മാത്രമെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയുള്ളു. പഴവർഗ്ഗങ്ങൾ (മാമ്പഴം, പപ്പായ, പൈനാപ്പിൾ, മുന്തിരി മുതലായവ), സുഗന്ധവ്യഞ്ജനങ്ങൾ (ഏലം,കുരുമുളക് എന്നിവ) എന്നിവയിൽ കീടനാശിനി കണ്ടെത്തിയില്ല എന്നത് ആശ്വാസകരമാണ്. കർഷകരിൽ നിന്നും ശേഖരിച്ച 21 ഇനം പച്ചക്കറികളിലെ 257 സാമ്പിളുകളിൽ കീടനാശിനി കണ്ടെത്തിയ 37 എണ്ണത്തിലും ശുപാർശ ചെയ്യപ്പെടാത്ത കീടനാശിനികൾ ആയിരുന്നു എന്നത് ശ്രദ്ധേയമാണ്. കീടനാശിനി വിപണന രംഗത്ത് നടപ്പാക്കിക്കൊണ്ടിരിക്കുന്ന കർശന നിയന്ത്രണങ്ങൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകത വെളിവാക്കുന്നു ഈ ഫലങ്ങൾ.

പൊതു വിപണിയെ അപേക്ഷിച്ച്, കേരളത്തിൽ ഉല്പ്പാദിപ്പിക്കപ്പെടുന്ന പച്ചക്കറികൾ കൂടുതൽ സുരക്ഷിതമെന്ന് മനസ്സിലാക്കാം. പൊതുവിപണിയിലെ കറിവേപ്പില സാംപിളുകളിൽ പത്തോളം തരം ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനികൾ കണ്ടെത്തിയപ്പോൾ നമ്മുടേത് തീർത്തും സുരക്ഷിതമാണെന്ന് എടുത്തു പറയേണ്ടതുണ്ട്. പച്ചക്കറി ഉൽപ്പാദനത്തിൽ നാം നടത്തിയ ഇടപെടലുകൾ സൂക്ഷ്മതലത്തിൽ വരുത്തിയ ചലനങ്ങൾ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്നു എന്നത് ആശ്വാസകരമാണ്.

നമ്മുടെ കർഷകർ ഉല്പ്പാദിപ്പിക്കുന്ന രസകദളി, മാമ്പഴം, പപ്പായ, കൈതച്ചക്ക, റോസ് ആപ്പിൾ (ചാമ്പക്ക) എന്നിവയെല്ലാം തന്നെ പൂർണ്ണ സുരക്ഷിതമത്രെ.

കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിൽ കീടനാശിനി കണ്ടെത്താത്തവയുടെ പട്ടിക (പട്ടിക 5 ൽ) ചേർത്തിട്ടുണ്ട്.

III. “ജൈവം” എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

പച്ചക്കറികൾ

സുരക്ഷിത ഭക്ഷണത്തെ സംബന്ധിച്ച് ഉപഭോക്താക്കളിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന അവബോധം, ജൈവ വിപണികളുടെ വളർച്ചക്കു നിദാനമായിട്ടുണ്ട്. ‘ജൈവം’ എന്ന ലേബലിൽ തന്നെ വില്പന നടത്തുന്ന ഇത്തരം വിപണന ശാലകൾ പൊതുവിപണിയേക്കാൾ ഉയർന്ന വില്യ്ക്കാണ് വില്പന നടത്തുന്നത്. എന്നാൽ, ഇത്തരം വിപണന ശാലകളിൽ നിന്നും ശേഖരിച്ച 36 ഇനം

പച്ചക്കറി സാമ്പിളുകളിൽ 9 എണ്ണത്തിലും (25%) അവശിഷ്ടം കണ്ടെത്തി എന്നത് പ്രത്യേകം പ്രസ്താവ്യമാണ്.നാലു സ്രോതസ്സുകളിൽ നിന്നും ശേഖരിച്ച സാമ്പിളുകളിൽ, ഏറ്റവുമധികം അവശിഷ്ടം കണ്ടെത്തിയത് ഈ സ്രോതസ്സിൽ നിന്നാണ്. ഇതിൽ കാർബൻഡാസിം, ഇമിഡാക്ലോപ്രിഡ് എന്നിവ മാത്രമാണ് ശുപാർശ ചെയ്തിട്ടുള്ളത്. ബാക്കി കണ്ടെത്തിയ 85% കീടനാശിനികളും ശുപാർശ ചെയ്യപ്പെടാത്തതാണ്. എന്നാൽ ശുപാർശ ചെയ്തിട്ടുള്ള കീടനാശിനികൾ എല്ലാം തന്നെ അനുവദനീയ പരിധിക്ക് താഴെയാണ് എന്നത് ആശ്വാസമേകുന്നു.

വെണ്ടക്ക, തക്കാളി, കാപ്സിക്കം, വെള്ളരി, പടവലം, പയർ എന്നിവയിൽ ശുപാർശ ചെയ്യപ്പെടാത്ത കീടനാശിനി അവശിഷ്ടങ്ങളാണ് ക ത്തിയിട്ടുള്ളത്. ഉയർന്ന വിലകൊടുത്ത്, സുരക്ഷിതമെന്നു കരുതി വാങ്ങുന്ന പച്ചക്കറികൾ അപ്രകാരമല്ല എന്നുള്ളത് ഗൗരവമായി കാണേണ്ടതാണ്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശ്രദ്ധ പതിയേണ്ട മേഖലയാണിത്.

എന്നാൽ ‘‘ജൈവം’’ എന്ന ലേബലിൽ വിൽക്കുന്ന പഴവർഗ്ഗങ്ങൾ സുഗന്ധവ്യഞ്ജനങ്ങൾ എന്നിയയിൽ നിന്നും വിഷാംശം കണ്ടെത്തിയിട്ടില്ല.‘‘ജൈവം’’ എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിൽ കീടനാശിനി കണ്ടെത്താത്തതിന്റെ പട്ടിക (പട്ടിക 7 ൽ) ചേർത്തിട്ടുണ്ട്.

IV. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്

സംസ്ഥാന കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഇക്കോഷോപ്പുകളിൽ നിന്നും ശേഖരിച്ച 10.16% ശതമാനം പച്ചക്കറികളിൽ മാത്രമെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളു.പൊതുവിപണി, ജൈവപച്ചക്കറി വിപണനശാലകൾ, ഉല്പ്പാദകകേന്ദ്രങ്ങൾ എന്നിവയിൽ ഏറ്റവും കുറവ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത് ഇക്കോഷോപ്പുകളിൽ നിന്നുള്ള സാമ്പിളുകളിലാണ്. കണ്ടെത്തിയ ഏകദേശം 30 ഇനം കീടനാശിനികളിൽ, 10 കീടനാശിനികൾ മാത്രമെ അതത് വിളകളിൽ ശുപാർശ ചെയ്തിട്ടുള്ളു. എന്നാൽ ഈ കീടനാശിനികളെല്ലാം തന്നെ അനുവദനീയ പരിധിയ്ക്ക് താഴെയാണ്.പാവൽ, കത്തിരി, കാരറ്റ്, അമരയ്ക്ക, ഇഞ്ചി, പച്ചമുളക് എന്നിവയിലാണ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളത്. എന്നാൽ ഈ കീടനാശിനികളൊന്നുംതന്നെ അതാതു വിളകളിൽ ശുപാർശ ചെയ്യപ്പെട്ടവയല്ല എന്നു കാണാം.

“സേഫ് റ്റു ഈറ്റ് - പദ്ധതി”

ഇക്കോ ഷോപ്പ് സാമ്പിളുകളിൽ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്താത്തതിന്റെ പട്ടിക (പട്ടിക 9 ൽ) ചേർത്തിട്ടുണ്ട്. നമ്മുടെ നാടൻ പച്ചക്കറിയിനങ്ങളാണ് ഇവയേറെയും.

<u>പ്രധാന കണ്ടെത്തലുകൾ, നിർദ്ദേശങ്ങൾ :</u>

- ഭക്ഷ്യവസ്തുക്കളിൽ 729 സാമ്പിളുകളിലായി നടത്തിയ പരിശോധനയിൽ 17.55 % സാമ്പിളുകളിലാണ് കീടനാശിനി അവശിഷ്ടം കണ്ടെത്തിയത്. ഇതിൽ 17.37% പച്ചക്കറികൾ, 19.44% പഴവർഗ്ഗങ്ങൾ, 50% സുഗന്ധ വ്യഞ്ജനങ്ങൾ എന്നിവയാണ്.
- പൊതുവിപണി, കൃഷിയിടങ്ങൾ, ജൈവ വിപണനശാലകൾ, ഇക്കോഷോപ്പുകൾ എന്നീ ശ്രോതസ്സുകളിൽ, ജൈവ വിപണന ശാലകളിൽ നിന്നുള്ള സാമ്പിളുകളിലണ് ഏറ്റവും അധികം അവശിഷ്ടതോത് കണ്ടെത്തിയിട്ടുള്ളത്. ഭക്ഷ്യസുരക്ഷാ വകുപ്പിന്റെ ശ്രദ്ധയിൽ പെടുത്തേണ്ട സംഗതിയാണിത്. വിശ്വാസപൂർവ്വം ഉയർന്ന വില നല്കി വാങ്ങുന്ന ഉപഭോക്താവിന്റെ അവകാശത്തിന്റെ ലംഘനവുമണിത്. ഇക്കാര്യത്തിൽ ഉപഭോക്തൃ ബോധവൽക്കരണം പ്രാധാന്യമർഹിക്കുന്നു.
- സംസ്ഥാന കൃഷിവകുപ്പിന്റെ മേൽനോട്ടത്തിൽ നടത്തുന്ന ഇക്കോഷോപ്പുകളിൽ നിന്നൂം ശേഖരിച്ച 10.16% ശതമാനം പച്ചക്കറികളിൽ മാത്രമെ കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയിട്ടുള്ളു.പൊതുവിപണി, ജൈവപച്ചക്കറി വിപണനശാലകൾ, ഉല്പ്പാദകകേന്ദ്രങ്ങൾ എന്നിവയിൽ ഏറ്റവും കുറവ് കീടനാശിനി സാന്നിദ്ധ്യം കണ്ടെത്തിയത് ഇക്കോഷോപ്പുകളിൽ നിന്നുള്ള സാമ്പിളുകളിലാണ്. കണ്ടെത്തിയ ഏകദേശം 30 ഇനം കീടനാശിനികളിൽ, 10 കീടനാശിനികൾ മാത്രമെ അതത് വിളകളിൽ ശുപാർശ ചെയ്തിട്ടുള്ളു. എന്നാൽ ഈ കീടനാശിനികളെല്ലാം തന്നെ അനുവദനീയ പരിധിയ്ക്ക് താഴെയാണ്.
- പൊതുവിൽ, കീടനാശിനി അവശിഷ്ടം കണ്ടെത്തിയിട്ടുള്ളവയിലേറെയും, അതാതു വിളകളിൽ നിർദ്ദേശിയ്ക്കപ്പെടാത്ത കീടനാശിനികളാണ് എന്നത് ആശങ്കാജനകമാണ്. ഇത്തരം സന്ദർഭങ്ങളിൽ സുരക്ഷിത പരിധിയും ശാസ്ത്രീയമായി നിർണ്ണയിക്കപ്പെട്ടിട്ടില്ലതാനും. പഴവർഗ്ഗങ്ങളുടെ കാര്യത്തിലും സ്ഥിതി വ്യതസ്ഥമല്ല, 28% സാമ്പിളുകളിൽ അവശിഷ്ടം കണ്ടെത്തിയതിൽ ഏറെയും ശുപാർശ ചെയ്യപ്പെടാത്തവതന്നെ.

“സേഫ് റ്റു ഈറ്റ് - പദ്ധതി”

- പൊതുവിപണിയിൽ ലഭിക്കുന്ന പച്ചമുന്തിരിയിൽ എട്ടിനം കീടനാശിനി അവശിഷ്ടങ്ങളാണ് കണ്ടെത്തിയിട്ടുള്ളത്. അതിൽ ഒന്നു മാത്രമാണ് ശുപാർശ ചെയ്യപ്പെട്ടിട്ടുള്ളത്.കേരളത്തിൽ നിരോധിച്ച പ്രൊഫനോഫോസ് ഉൾപ്പടെ എട്ടോളം കീടനാശിനികൾ മുന്തിരിയിൽ കണ്ടെത്തി.
- ജീരകം, പെരുംജീരകം എന്നീ നമ്മുടെ സംസ്ഥാനത്ത് കൃഷിയില്ലാത്ത സുഗന്ധവ്യഞ്ജനത്തിന്റെ 50% സാമ്പിളുകളിലും അവശിഷ്ടങ്ങൾ ശുപാർശ ചെയ്യാത്ത കീടനാശിനികളുടേത് തന്നെ
- നമ്മുടെ കൃഷിയിടങ്ങളിൽനിന്നും ശേഖരിച്ച 257 പച്ചക്കറി സാമ്പിളുകളിൽ 20 % മാത്രമെ അവശിഷ്ടം ഉള്ളു എന്നിരിക്കിലും, അവയിൽ ഏറെയും അതാതു വിളകളിൽ ശുപാർശ ചെയ്യപ്പെടാത്തവയാണ് എന്നത് ശ്രദ്ധിക്കേണ്ടതുണ്ട്. കർഷക ബോധവൽക്കരണ പരിപാടികൾ ഊർജ്ജിതപ്പെടുത്തുകയും വിപണനനിയന്ത്രണങ്ങൾ കർക്കശമാക്കുകയും ചെയ്യുക എന്നത് പ്രാധാന്യമർഹിക്കുന്നു. കർഷകരെ മാത്രമല്ല, കർഷകത്തൊഴിലാളികളെക്കൂടി ബോധവൽക്കരണ യജ്ഞത്തിൽ പങ്കാളികളാക്കേണ്ടതാണ്.
- നമ്മുടെ കർഷകർ ഉൽപ്പാദിപ്പിക്കുന്ന കുംമ്പളം, വഴുതന, ചേമ്പ്്, കറിവേപ്പില, മരച്ചീനി, ചതുരപ്പയർ, വാളരിപയർ, പീച്ചങ്ങ, രസകദളി, മാമ്പഴം, ചെങ്കതളിപ്പഴം, പപ്പായ, കൈതച്ചക്ക, റോസ് ആപ്പിൾ എന്നിവയെല്ലാം തന്നെ പൂർണ്ണ സുരക്ഷിതമാണ്.

“സേഫ് റ്റു ഈറ്റ് - പദ്ധതി”

അനുബന്ധം

പട്ടിക 1. ഭക്ഷ്യവസ്തുക്കളിൽകണ്ടെത്തിയകീടനാശിനി അവശിഷ്ടതോത്

ക്രമ നമ്പർ	ഇനം	ഉറവിടം	എണ്ണം	കീടനാശിനി അവശിഷ്ടം കണ്ടെത്തിയവ	
				എണ്ണം	ശതമാനം
1.	പച്ചക്കറികൾ	പൊതുവിപണി	333	67	20.12%
		കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ചവ	257	37	14.39%
		ജൈവപച്ചക്കറി മാർക്കറ്റുകൾ	36	9	25.00%
		കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ	59	6	10.16%
	മൊത്തം		**685**	**119**	**17.37%**
2.	പഴവർഗ്ഗങ്ങൾ	പൊതുവിപണി	25	7	28.00%
		കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ചവ	8	0	0.00%
		ജൈവപച്ചക്കറി മാർക്കറ്റുകൾ	2	0	0.00%
		കൃഷിഭവനുകളുടെ ആഭിമുഖ്യത്തിൽ പ്രവർത്തിക്കുന്ന ഇക്കോഷോപ്പുകൾ	1	0	0.00%
	മൊത്തം		**36**	**7**	**19.44%**
3.	സുഗന്ധവ്യഞ്ജനങ്ങൾ	പൊതുവിപണി	3	2	**66.66%**
		കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ചവ	1	0	**0.00%**
	മൊത്തം		**4**	**2**	**50.00%**
4.	മറ്റു ഭക്ഷ്യവസ്തുക്കൾ	പൊതുവിപണി	2	0	0.00%
		കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ചവ	2	0	0.00%
മൊത്തം			**4**	**0**	**0.00%**
മൊത്തം എണ്ണം: 729		**കീടനാശിനി അവശിഷ്ടം കണ്ടെത്തിയവ എണ്ണം:128**		**ശതമാനം : 17.55 %**	

പട്ടിക 2. പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

ക്രമ നമ്പർ	ഇനം	കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം	കണ്ടെത്തിയ കീടനാശിനി	കീടനാശിനിയുടെ അളവ് (പി.പി.എം)	പരാമർശങ്ങൾ
			പച്ചക്കറികൾ		
1.	ചുവപ്പ് ചീര	2/3	ക്ളോർപൈറിഫോസ്	0.91	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടചഷ്ട
			സൈപെർമെത്രിൻ	0.18	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ലോതയാനിഡിൻ	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച

					വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
2.	ബീൻസ്	6/29	അസറ്റാമിപ്രിഡ്	0.15	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല .
			കാർബൻഡാസിം	0.07 0.31	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല.
			ക്ലോറാന്ത്രാനിലിപ്രോൾ	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇന്റോക്സകാർബ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.22	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
3.	വെണ്ടക്ക	9/31	അസഫേറ്റ്	0.13 0.35	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			മോണോക്രോട്ടോഫോസ്	0.56	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (ചുവപ്പ് വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.13	**ശുപാർശ ചെയ്തിട്ടുണ്ട്.** (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			അസറ്റാമിപ്രിഡ്	0.08	**ശുപാർശ ചെയ്തിട്ടുണ്ട്.** (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			അസോക്സിസ്ട്രോബിൻ	0.37	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
4.	പാവൽ	6/22	ഇമിഡാക്ലോപ്രിഡ്	0.09 0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ളോർപൈറിഫോസ്	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത

					കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസഫേറ്റ്	0.59	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബോഫുറാൻ	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.24	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെത്തോക്സം	0.53	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ട്രയഫ്ളോക്സിസ്ട്രോബിൻ	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
5.	വഴുതന	4/19	അസഫേറ്റ്	0.11 0.35	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസറ്റാമിപ്രിഡ്	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാക്ലോപ്രിഡ്	0.09	**ശുപാർശ ചെയ്തിട്ടുണ്ട്**. (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
6.	കത്തിരി	2/10	അസഫേറ്റ്	0.26 1.03	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
7.	കാബേജ്	1/6	ക്യുനാൽഫോസ്	3.33	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്),അനുവദനീയ പരിധി

					നിശ്ചയിച്ചിട്ടില്ല
8.	കാപ്സിക്കം (പച്ച)	9/17	അസഫേറ്റ്	0.19 1.43	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസോക്സിസ്ട്രോബിൻ	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.21 0.26	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.05 0.26	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്യുനാൽഫോസ്	0.85 1.98	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.26 0.29	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെത്തോക്സം	0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ട്രയഫ്ളോക്സിസ്ട്രോബിൻ	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
9.	കോളിഫ്ളവർ	1/3	പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)**	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
10.	സാമ്പാർ മുളക്	2/4	അസഫേറ്റ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.14	**ശുപാർശ ചെയ്തിട്ടുണ്ട്.** (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
11.	അമരയ്ക്ക	1/8	മോണോക്രോട്ടോഫോസ്	0.20	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (ചുവപ്പ്

					വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
12.	കറിവേപ്പില	1/2	അസറ്റാമിപ്രിഡ്	3.65	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ബൈഫെൻത്രിൻ	5.18	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	6.12	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ളോർപൈറിഫോസ്	0.46	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ലോതയാനിഡിൻ	0.44	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			സൈപെർമെത്രിൻ	0.24	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			എത്തയോൺ	2.34	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഹെക്സാകൊണസോൾ	0.36	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ലാംബ്ഡാ സൈഹാലോത്രിൻ	0.60	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	1.79	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
13.	മുരിങ്ങക്ക	1/7	മോണോക്രോട്ടോഫോസ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (ചുവപ്പ് വിഭാഗത്തിൽ പെട്ടത്),അനുവദനീയ പരിധി

					നിശ്ചയിച്ചിട്ടില്ല
14.	പച്ചമുളക്	9/16	അസഫേറ്റ്	0.13 0.97	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.07 0.18	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			എത്തയോൺ	1.53	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഫെൻപ്പൈറോക്സിമേറ്റ്	0.08	**ശുപാർശ ചെയ്തിട്ടുണ്ട്.** (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			ഇമിഡാക്ലോപ്രിഡ്	0.06 0.20	**ശുപാർശ ചെയ്തിട്ടുണ്ട്.** (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			മോണോക്രോട്ടോഫോസ്	1.26	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (ചുവപ്പ് വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)**	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
15.	കോവയ്ക്ക	3/20	മോണോക്രോട്ടോഫോസ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (ചുവപ്പ് വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസഫേറ്റ്	0.19	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെത്തോക്സം	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
16.	വെള്ളരി	1/8	ക്ളോർപൈറിഫോസ്	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

17.	പുതിനയില	1/1	ഒമത്തവേറ്റ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.20	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
18.	സലാഡ് വെള്ളരി	1/8	അസഫേറ്റ്	0.30	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
19.	പടവലം	1/10	കാർബൻഡാസിം	0.30	ശുപാർശചെയ്തിട്ടില്ലാത്തകീടനാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
20.	തക്കാളി	1/11	അസഫേറ്റ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
21.	പയർ	6/23	കാർബൻഡാസിം	0.06 1.64	ശുപാർശചെയ്തിട്ടില്ലാത്ത കീടനാശിനി, (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഫെൻവാലറേറ്റ്	0.74	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.17	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
പഴവർഗ്ഗങ്ങൾ					
1.	ആപ്പിൾ	2/4	ഇമിഡാക്ലോപ്രിഡ്	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.84	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.14	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
2.	കറുത്ത	1/2	ഇമിഡാക്ലോപ്രിഡ്	0.05	**ശുപാർശ**

	മുന്തിരി				**ചെയ്തിട്ടുണ്ട്**.(മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
3.	പച്ച മുന്തിരി	1/2	കാർബൻഡാസിം	0.1	**ശുപാർശ ചെയ്തിട്ടുണ്ട്**. (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			ഫ്ളൂസിലസോൾ	0.10	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.22	**ശുപാർശ ചെയ്തിട്ടുണ്ട്**. (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			തയാമെറ്റോക്സാം	0.12	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ളോർപൈറിഫോസ്	0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			സൈഫ്ളൂത്രിൻ	0.22	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			പ്രൊഫെനോഫോസ് **(കേരളത്തിൽ നിരോധിച്ച കീടനാശിനി)**	0.10	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്യുനാൽഫോസ്	5.33	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
4.	തണ്ണിമത്തൻ	1/1	ഇമിഡാക്ലോപ്രിഡ്	0.12	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
സുഗന്ധവ്യഞ്ജനങ്ങൾ					
1.	ജീരകം	1/1	ക്ളോർപൈറിഫോസ്	1.04	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			സൈഫ്ളൂത്രിൻ	0.19	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി

					നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.3	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസറ്റാമിപ്രിഡ്	0.74	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ലോതയാനിഡിൻ	0.17	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.98	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് മുകളിൽ
2.	പെരുംജീരകം	1/1	ക്ളോർപൈറിഫോസ്	0.23	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്യുനാൽഫോസ്	3.48	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

പട്ടിക 3. പൊതുവിപണിയിലെ സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

പച്ചക്കറികൾ

1. ബീറ്റ് റൂട്ട്
2. കാബേജ്വയലറ്റ്
3. കാരറ്റ്
4. ചേമ്പ്
5. മല്ലിയില
6. ഇഞ്ചി
7. നെല്ലിക്ക
8. മാങ്ങ
9. നേന്ത്രൻ
10. പീച്ചങ്ങ
11. ഉരുളക്കിഴങ്ങ്

പഴവർഗ്ഗങ്ങൾ

12. ഏത്തപ്പഴം
13. ഓറഞ്ച്
14. മാമ്പഴം
15. മാതളം

16. തണ്ണിമത്തൻ കിരൺ
17. പേരയ്ക്ക
18. കൈതച്ചക്ക

സുഗന്ധവ്യഞ്ജനങ്ങൾ

19. മല്ലിപ്പൊടി

മറ്റു ഭക്ഷ്യവസ്തുക്കൾ

20. ഗോതമ്പ്
21. ഉലുവ

പട്ടിക 4. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

ക്രമ നമ്പർ	ഇനം	കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം	കണ്ടെത്തിയ കീടനാശിനി	കീടനാശിനിയുടെ അളവ് (പി.പി.എം)	പരാമർശങ്ങൾ
			പച്ചക്കറികൾ		
1.	പച്ചചീര	3/18	ക്ളോർപൈറിഫോസ്	0.54	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഫ്ളൂബെൻ്റാമിഡ്	0.33	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്) അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
2.	ചുവപ്പ് ചീര	1/13	ഫെൻവാലറേറ്റ്	1.83	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.24	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
3.	പാവൽ	3/19	സൈപെർമെത്രിൻ	0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.09 0.29	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
4.	വെണ്ടക്ക	1/22	അസറ്റാമിപ്രിഡ്	0.09	**ശുപാർശ ചെയ്തിട്ടുണ്ട്**. (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴെ
			എത്തയോൺ	0.26	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
5.	ചൊരയ്ക്ക	1/6	ഫെൻവാലറേറ്റ്	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി

					നിശ്ചയിച്ചിട്ടില്ല
6.	കത്തിരി	2/14	ക്ളോർപൈറിഫോസ്	0.22	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസഫേറ്റ്	0.34	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
7.	കാബേജ്	1/1	ക്യുനാൽഫോസ്	1.03	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
8.	സാമ്പാർ മുളക്	3/5	അസഫേറ്റ്	0.06 0.76	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്ളോർപൈറിഫോസ്	0.23	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			എത്തയോൺ	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.67	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.08	**ശുപാർശ ചെയ്തിട്ടുണ്ട്**. (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
9.	മുരിങ്ങക്ക	2/8	കാർബൻഡാസിം	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.38	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
10.	പച്ചമുളക്	1/4	അസഫേറ്റ്	0.12	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	6.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
11.	കോവയ്ക്ക	2/17	ഫെൻവാലറേറ്റ്	0.28	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.86	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

12.	വെള്ളരി	1/9	ക്ളോർപൈറിഫോസ്	0.13	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
13.	സലാഡ് വെള്ളരി	1/4	മോണോക്രോട്ടോഫാസ്	0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
14.	പടവലം	3/27	ഫെൻവാലറേറ്റ്	0.25	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			കാർബൻഡാസിം	0.17 0.66	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
15.	പയർ	12/36	കാർബൻഡാസിം	0.05 4.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഫെൻവാലറേറ്റ്	0.68 0.86	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ക്യുനാൽഫോസ്	0.14 0.16	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.19	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസറ്റാമിപ്രിഡ്	0.15	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ടെബുകൊണാസോൾ	0.77	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ട്രയഫ്ളോക്സിസ്ട്രോബിൻ	0.21	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഫ്ളൂബെഡിയാമൈഡ്	0.14	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

പട്ടിക 5. കർഷകരിൽ നിന്നും നേരിട്ട് ശേഖരിച്ച സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

പച്ചക്കറികൾ

1. കുമ്പളം
2. ബീറ്റ് റൂട്ട്
3. ശീമച്ചക്ക
4. വഴുതന

5. കാരറ്റ്
6. അമരയ്ക്ക
7. ചേമ്പ്
8. കറിവേപ്പില
9. ഇഞ്ചി
10. നെല്ലിക്ക
11. മാങ്ങ
12. നേന്ത്രൻ
13. പാലക്ക് ചീര
14. മത്തൻ
15. പീച്ചങ്ങ
16. മുളപ്പിച്ച പയർ
17. വാളരിപയർ
18. മരച്ചീനി
19. പയർ ചെടി
20. തക്കാളി
21. ചതുരപ്പയർ

പഴവർഗ്ഗങ്ങൾ

22. രസകദളിപ്പഴം
23. മാമ്പഴം
24. പപ്പായ
25. കൈതച്ചക്ക
26. റോസ് ആപ്പിൾ
27. ചെങ്കതളിപ്പഴം

മറ്റു ഭക്ഷ്യവസ്തുക്കൾ

28. അരി

സുഗന്ധവ്യഞ്ജനങ്ങൾ

29. മുളക്പൊടി

പട്ടിക 6. "ജൈവം" എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

ക്രമ നമ്പർ	ഇനം	കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം	കണ്ടെത്തിയ കീടനാശിനി	കീടനാശിനി യുടെ അളവ് (പി.പി.എം)	പരാമർശങ്ങൾ
1.	വെണ്ടക്ക	1/2	കാർബൻഡാസിം	0.43	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.13	**ശുപാർശ ചെയ്തിട്ടുണ്ട്.** (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
2.	കാപ്സിക്കം (പച്ച)	1/1	ഡൈമെത്തോയേറ്റ്	0.18	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.14	ശുപാർശ

					ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			തയാമെറ്റോക്സാം	0.27	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ട്രൈയ്സൈക്ലോസസാൾ	0.08	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
3.	വെള്ളരി	1/3	അസഫേറ്റ്	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
4.	സലാഡ് വെള്ളരി	1/3	അസറ്റാമിപ്രിഡ്	0.08	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
5.	പടവലം	2/3	കാർബൻഡാസിം	0.12	**ശുപാർശ ചെയ്തിട്ടുണ്ട്**. (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധിക്ക് താഴേ
			ക്ളോർപൈറിഫോസ്	0.35	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
6.	തക്കാളി	2/2	അസഫേറ്റ്	0.06 0.11	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസറ്റാമിപ്രിഡ്	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
7.	പയർ	1/2	കാർബൻഡാസിം	0.06	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (പച്ച വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി

					നിശ്ചയിച്ചിട്ടില്ല

പട്ടിക 7. “ജൈവം” എന്ന ലേബലിൽ വിൽക്കുന്ന സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

പച്ചക്കറികൾ

1. ചുവപ്പ് ചീര
2. ബീൻസ്
3. ബീറ്റ് റൂട്ട്
4. പാവൽ
5. വഴുതന
6. കാരറ്റ്
7. സാമ്പാർ മുളക്
8. അമരയ്ക്ക
9. മുരിങ്ങക്ക
10. പച്ചമുളക്
11. കോവയ്ക്ക
12. മാങ്ങ

പഴവർഗ്ഗങ്ങൾ

13. കൈതച്ചക്ക

പട്ടിക 8. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി അവശിഷ്ട തോത്:

ക്രമ നമ്പർ	ഇനം	കീടനാശിനി കണ്ടെത്തിയ സാമ്പിളുകളുടെ എണ്ണം/ മൊത്തം എണ്ണം	കണ്ടെത്തിയ കീടനാശിനി	കീടനാശിനിയുടെ അളവ് (പി.പി.എം)	പരാമർശങ്ങൾ
1.	പാവൽ	1/2	അസറ്റാമിപ്രിഡ്	0.05	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			ഇമിഡാക്ലോപ്രിഡ്	0.19	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
2.	കത്തിരി	1/4	അസഫേറ്റ്	0.17	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
			അസറ്റാമിപ്രിഡ്	0.09	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

3.	കാരറ്റ്	1/2	അസഫേറ്റ്	0.07	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
4.	അമരയ്ക്ക	1/2	അസഫേറ്റ്	0.10	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
5.	ഇഞ്ചി	1/2	ടെബുഫെൻപ്പൈറാഡ്	0.40	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (നീല വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല
6.	പച്ചമുളക്	1/2	ക്ളോർപൈറിഫോസ്	0.15	ശുപാർശ ചെയ്തിട്ടില്ലാത്ത കീടനാശിനി (മഞ്ഞ വിഭാഗത്തിൽ പെട്ടത്), അനുവദനീയ പരിധി നിശ്ചയിച്ചിട്ടില്ല

പട്ടിക 9. ഇക്കോ ഷോപ്പ് സാമ്പിളുകളിലെ കീടനാശിനി കണ്ടെത്താത്തവ:

പച്ചക്കറികൾ

1. പച്ച ചീര
2. ചുവപ്പ് ചീര
3. ബീൻസ്
4. ബീറ്റ് റൂട്ട്
5. വെണ്ടക്ക
6. ചൊരയ്ക്ക
7. വഴുതന
8. കാപ്സിക്കം (പച്ച)
9. കോളിഫ്ളവർ
10. സാമ്പാർ മുളക്
11. കൂർക്ക
12. ചേമ്പ്
13. ചേന
14. കോവയ്ക്ക
15. മാങ്ങ
16. വെള്ളരി
17. നേന്ത്രൻ
18. മത്തൻ
19. സലാഡ് വെള്ളരി
20. പടവലം
21. തക്കാളി
22. പയർ

പഴവർഗ്ഗങ്ങൾ

23. രസകദളിപ്പഴം